# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.MPM14/1627/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/11/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM14/1627/21 തീയ്യതി: 08/11/2021

## മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-10-2019 മുതൽ 23-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2021 | 08-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2021 | 08-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ. പി, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് സിയാദ്. പി.പി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത. ഒ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ. അബ്ദുൽ അലി കുന്നൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബേബി ചാലിൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. ഹംസ. യു.എം. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി. ജയലത.വി. | സെക്രട്ടറി | 01-04-2020 | 27-05-2020 |
| ശ്രീ.ബിജുലാൽ പി.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-05-2020 | 10-06-2020 |
| ശ്രീമതി. ജയലത.വി. | സെക്രട്ടറി | 11-06-2020 | 03-03-2021 |
| ശ്രീ. സരേഷ് ഗോപിനാഥ പിള്ള | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-03-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സരേഷ് ഗോപിനാഥ പിള്ള | അസി. സെക്രട്ടറി | 19-06-2020 | 31-03-2021 |
| ശ്രീമതി. ലുബ്ന .ടി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. സാജിതാ. പി.എം. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. മനോജ് കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. ജംഷീദ്.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. മനോജ്. വി. | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ. രമേശൻ വി | ഹെഡ്മാസ്റ്റർ | 01-04-2020 | 18-06-2020 |
| ശ്രീ. അബ്ദുസ്സലാം | ഹെഡ്മാസ്റ്റർ | 19-06-2020 | 31-03-2021 |
| ശ്രീ.നിഖിൽ ജെ കുമാർ | എഇ | 01-04-2020 | 31-03-2021 |
| ഡോ.ജിഷ നഹർ മുസ്തഫ | മെഡിക്കൽ ഓഫീസർ (അലോപ്പതി ) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.ദിവ്യ കെ രാജ് | മെഡിക്കൽ ഓഫീസർ (ആയൂർ വേദം ) | 01-04-2020 | 31-03-2021 |
| ശ്രീ.ബിജുലാൽ പി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 18-06-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 07-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 07-10-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 07-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: ABDHU NAZER.P (Audit Officer, On 30-09-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: ABDHU NAZER.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-11 |
| 12 | കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) -അപാകതകൾ .<br>Written By: Abdul Ali Kunnan (Auditor, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-12 |
| 13 | മുഴുവൻ മെഡിക്കൽ ഉപകരണങ്ങളും ലഭ്യമായില്ല.<br>Written By: Abdul Ali Kunnan (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-13 |
| 14 | മരുന്നു ലഭ്യമായില്ല.<br>Written By: Abdul Ali Kunnan (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 1-14 |
| 15 | വിനിയോഗിയ്ക്കാത്ത തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടവാക്കിയില്ല<br>Written By: Latha.O.V (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-15 |
| 16 | ഹരിത കർമ്മസേന പ്രവർത്തനം കാര്യക്ഷമമല്ല.<br>Written By: Latha.O.V (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 1-16 |
| 17 | എസ്.സി പെൺകുട്ടികളുടെ വിവാഹ ധനസഹായം | 1-17 |

| | | |
|---|---|---|
| | -വൈകി ലഭിച്ച അപേക്ഷകളിൽ ജില്ലാ കലക്ടറുടെ അനുമതി ലഭ്യമായില്ല.<br>Written By: Latha.O.V (Auditor, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | |
| 18 | സർക്കാർ സ്കൂളിൽ സൗകര്യം ഉറപ്പ് വരുത്താതെ എയ്ഡഡ് സ്കൂളുകളിൽ ടോയ് ലറ്റ് നിർമ്മിച്ചു നൽകി.<br>Written By: ABDHU NAZER.P (Audit Officer, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 08-11-2021) | 1-18 |
| 19 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 1-19 |
| 20 | ഗ്രാമ പഞ്ചായത്ത് ഓഫീസിനും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കും പരിമിതമായ അടിസ്ഥാന സൗകര്യം<br>Written By: ABDHU NAZER.P (Audit Officer, On 09-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 1-20 |
| 21 | ബയോബിൻ പദ്ധതി - അപാകതകൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-21 |
| 22 | ജല ലഭ്യത ഉറപ്പ് വരുത്താതെ ടോയ് ലറ്റ് നിർമ്മിച്ചു.<br>Written By: ABDHU NAZER.P (Audit Officer, On 09-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 09-10-2021) | 1-22 |
| 23 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ<br>Written By: ABDHU NAZER.P (Audit Officer, On 09-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 1-23 |
| 24 | അസി. എഞ്ചിനീയർ ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല.<br>Written By: ABDHU NAZER.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| | Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 07-10-2021) | |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 10-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 01-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| PR No.1 തി 25.03.2020 | PR No.2/10.02.2021 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 30-04-2021 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 46793342.95 |
| വരവ് | 88810898.00 |
| ആകെ | 135604240.95 |
| ചെലവ് | 118858807.00 |
| നീക്കിയിരിപ്പ് | 16745433.95 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് 40(B) പ്രകാരം |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 13089561 | 13089561 | 13089561 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8542118 | 8542118 | 7489630 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 389373 | 389373 | 20000 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 10043000 | 10043000 | 10043000 | 0 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 4907852 | 4907852 | 3591867 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 0 | 13195477 | 13195477 | 9248457 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 6640000 | 6640000 | 4491309 | 0 |
| ദുരിതാശ്വാസ നിധി | 38157 | 0 | 38157 | 10006 | 28151 |
| ടോട്ടൽ സാനിറ്റേഷൻ-Central Sponsered Scheme | 2192039 | 2926694 | 5118733 | 891453 | 4227280 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 1708113 | 2573347 | 4281460 | 2638165 | 1643295 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 34464095 | 17063484 | 51527579 | 50574653 | 952926 |
| ബി ഫണ്ട് | 0 | 142680 | 142680 | 142680 | 0 |
| തൊഴിലുറപ്പ് പദ്ധതി | 3673 | 14751398 | 14755071 | 14750487 | 4584 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 267 | 112901196 | 178 | 76802602 | 7 | 82 | 68 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3673 | 1227513 | 1231186 | 1226602 | 4584 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 13523885 | 13523885 | 13523885 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22680 | 33 |
| കർഷക തൊഴിലാളി പെൻഷൻ | 2730100 | 183 |
| വിധവാ പെൻഷൻ | 21612600 | 1404 |
| വാർദ്ധക്യകാല പെൻഷൻ | 33019700 | 2260 |
| വികലാംഗ പെൻഷൻ | 7057100 | 466 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 04 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 296500 | 23 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.9.2021 ന് 10.30am മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഫ്രണ്ട് ഓഫീസിലെ കാഷ് കളക്ഷനായി ഉണ്ടായിരുന്ന 26327 രൂപയുടെ ആധികാരികത 23.9.2021-ലെ ഡേ ബുക്കിലെ തുകയുമായി ഒത്തു നോക്കി ഉറപ്പു വരുത്തി.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്റ്റുകളും തയ്യാറാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം നിർജ്ജീവമാണ്. പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ക്രമീകരിച്ചിട്ടില്ല.

2. ജി ഒ (എം എസ്) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം, ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്റ്റ് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാ കാര്യങ്ങളിലും ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ട വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

3. ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കൃഷി ഓഫീസർ ,ഹെഡ് മാസ്റ്റർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്റ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

4. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോർ, ഓഫീസ് ഫർണ്ണീച്ചറുകൾ, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതും സ്റ്റോക്കുകളുടെ പരിശോധന കാര്യക്ഷമമാക്കേണ്ടതുമാണ്.

6. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7.ഓഡിറ്റിന് ഹാജരാക്കിയ മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്ററിൽ ഏതാനും സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ

വിവരങ്ങൾ ആണ് മുഖ്യമായും ഉൾപ്പെടുത്തിക്കാണുന്നത്. നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതലാ കാലയളവ് ക്രമത്തിൽ ഐസിഡിഎസ്,ഡയറി എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തുടങ്ങിയ നിർവഹണ ഉദ്യോഗസ്ഥരുടെ മേൽവിലാസം,കാലയളവ് വിവരങ്ങൾ കൂടി ഉൾപ്പെടുത്തി മാസ്റ്റർ ഇൻകുമ്പൻസി റജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-09-2021 | 01-02-2021 To 31-08-2021 | 08-09-2021 |
| എ.ജി ഓഡിറ്റ് | 17-08-2017 To 29-08-2017 | 2012-13 To 2016-17 | 19-10-2017 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2020-21 വർഷത്തെ വാർഷികക്കണക്കുകളിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്ററിൽ Contractors EMD, Suppliers EMD, Bidders EMD, Contractors Security Deposit, Suppliers Security Deposit, Auction Deposit, Other Deposit, Election Deposit, Rent Deposit, Contractors Retension എന്നിവയുടെ വരവ് ചെലവുകൾ Headwise ചേർത്തിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2. വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി -11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ വില ചേർത്ത് കാലികമാക്കിയിട്ടില്ല.

4. മലപ്പുറം നഗരസഭ- സഞ്ചയം കുടിവെള്ള പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിലേക്ക് ഡെപ്പോസിറ്റ് ചെയ്ത 1,4000000 രൂപ ബാലൻസ് ഷീറ്റിൽ മുൻകൂർ ഇനത്തിൽ ബുക്ക് ചെയ്തെങ്കിലും പ്രസ്തുത തുക ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.

5. ബാലൻസ് ഷീറ്റിൽ ബി-14 ഷെഡ്യൂളിൽ സ്റ്റോർ ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം 28,325 രൂപയായി കാണിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ വർഷത്തെ സ്റ്റോക്ക്,സ്റ്റോർ സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

6. മുൻ വർഷങ്ങളിൽ ആർജ്ജിച്ച എല്ലാ ആസ്തികളുടേയും മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.

7. ഡി.സി.ബി. ഇനങ്ങളുടെ ഡിമാന്റ് കളക്ഷൻ റജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

8. ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

9. ബി4-ഷെഡ്യൂൾ പ്രകാരമുള്ള ഗ്രാന്റ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് എ.സി.ആർ.സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) -അപാകതകൾ .

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ , അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ(എം.എസ്) നം.2/14/ഇ.എൻ.വി.ടി തിയ്യതി 21-02-2014 നമ്പർ ഉത്തരവ് പ്രകാരം അഞ്ച് ഹെക്ടറിൽ താഴെയുള്ള ഭൂമിയിൽ ക്വാറി നടത്തുന്നതിന് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി യിൽ നിന്നും അനുമതി വാങ്ങേണ്ടതും അഞ്ച് ഹെക്ടറിൽ കൂടുതൽ വരുന്നവക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ

നിന്നുമുള്ള അനുമതിയും ആവശ്യമാണ്. ചുവടെ പട്ടികയിൽ ചേർത്ത 20-21 വർഷത്തേക്ക്/മുതൽ വർഷങ്ങളിലേക്ക് ഗ്രാമ പഞ്ചായത്ത് ലൈസൻസ് അനുവദിച്ച നൽകിയ ക്വാറികൾക്ക് ഇത്തരത്തിൽ ആവശ്യമായ പാരിസ്ഥിതിക അനുമതി ലഭ്യമായിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനം | ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) | ലൈസൻസിന്റെ കാലാവധി ഏത് വരെ എന്ന്. | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1/2020-21 Dt 1/4/20 | വി.കെ.എം ക്വാറി | 1.5195 | 30-11-2022 | സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി യിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടില്ല. |
| 2 | 18/20-21 Dt 01/4/20 | പി.ടി.എൽ ക്വാറി | 1.1995 | 31-03-2023 | -ടി- |
| 3 | 48/20-21 Dt 01/4/20 | ഷാഹുൽ ഹമീദ് ക്വാറി | 3.5426 | 31-03-2021 | -ടി- |
| 4 | 54/20-21 Dt 01/4/20 | അബ്ദുൽ ഹമീദ് ക്വാറി മഞ്ചേങ്ങര. | 3.1479 | 31-03-2023 | -ടി- |
| 5 | 61/20-21 Dt 05/5/20 | ഷഹനാസ് ക്വാറി ,ആലക്കാട് | 1.7063 | 31-03-2021 | -ടി- |
| 6 | 66/20-21 Dt 7/5/20 | ഇ.കെ.സി ഗ്രാനൈറ്റ് ക്വാറി | 2.7145 | 31-03-2023 | -ടി- |
| 7 | 60/20-21 Dt 28/5/20 | കാശ്മീർ ഗ്രാനൈറ്റ്, കിളിനക്കോട് | 1.7687 | 31-03-2021 | -ടി- |
| 8 | 17/20-21 Dt 01/4/20 | അഹമ്മദ് ഹർഷൽ ഗ്രാനൈറ്റ് ക്വാറി | .9876 | 31-01-2023 | -ടി- |
| 9 | 51/20-21 Dt 01/4/20 | റോക്ക് വ്യൂ | 3.7352 | 31-03-2021 | -ടി- |
| 10 | 56/20-21 Dt 01/4/20 | സൂപ്പർ സാന്റ്സ്, മഞ്ചേങ്ങര | 4.9072 | 22-12-2022 | -ടി- |

2) 102/2020-21 നമ്പറായി ,ശ്രീ.ചാക്കീരി ശൈഖ് അബ്ദുള്ള എന്നവരുടെ ഉടമസ്ഥതയിലുള്ള കണ്ണമംഗലം വില്ലേജ് റി.സ 422/1ബി5,422/1 ബി ഭൂമിയിൽ കരിങ്കൽ ഖനനം നടത്തുന്നതിനായി 03-07-2020 മുതൽ 31-03-2024 വരെ കാലയളവിലേക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം ടിയാൻ ഹാജരാക്കിയ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതിയുടെ കാലാവധി (നം.18/2020-21/GR/DOM/M-3975/2017 Dt 22/10/2020 ) 21-04-2021 വരെയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മതിയായ അനുമതിയോട് കൂടിയല്ലാതെയുള്ള ഖനന പ്രവർത്തനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 15/20-21 തിയ്യതി 08-10-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## <u>1-13 മുഴുവൻ മെഡിക്കൽ ഉപകരണങ്ങളും ലഭ്യമായില്ല.</u>

പ്രൊജക്റ്റിന്റെപേര് : പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ (226/20-21)

അടങ്കൽ : 6ലക്ഷം/-

ഫണ്ട് : പ്ലാൻ - 1ലക്ഷം/

ജില്ലാ പഞ്ചായത്ത് - 5ലക്ഷം/

ചെലവ് : 249394/- (ബിൽ നം 2/20 -21തീയതി. 4.8.20)

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ, മേൽ പ്രൊജക്ട് പ്രകാരം 160644 രൂപ പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി കെ എം എസ് സി എല്ലിന് മുൻകൂറായി നൽകിയിട്ടുണ്ട്. പ്രഫോർമ ഇൻവോയ്സ് (നം പി.ആർ .എഫ് 631/23.5.20) പ്രകാരമുള്ള മുഴുവൻ ഉപകരണങ്ങളും പാലിയേറ്റീവ് ക്ലിനിക്കിലേയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മുൻകൂറായി നൽകിയ തുകയിൽ 136288 രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.താഴെപറയുന്ന 24356 രൂപയുടെ ഉപകരണങ്ങൾ കൂടി ലഭ്യമാക്കാൻ അവശേഷിയ്ക്കുന്നു.

| ഇനം | എണ്ണം | തുക |
|---|---|---|
| വീൽ ചെയർ വിത്ത് കമ്മോഡ് | 2*6188 | 12376 |
| ബി.പി. അപ്പാരട്ടസ് | 10*1198 | 11980 |

ആകെ 24356

ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 8/5.10.21(2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾമുഴുവൻ ലഭ്യമാക്കി വിവരം അറിയിയ്ക്കുന്നതു വരെ ചെലവു തുക 24356/-തടസ്സം ചെയ്യുന്നു.

## <u>1-14 മരുന്നു ലഭ്യമായില്ല.</u>

പ്രൊജക്ടിന്റെപേര് : കണ്ണമംഗലം പി എച്ച് സിയിലേയ്ക്ക് മരുന്നു വാങ്ങൽ (41/21)

അടങ്കൽ : 250000/

ഫണ്ട് : റോഡിതരം - 250000/

ചെലവ് : 2, 50,000/- (ബിൽ നം 14/20-21 തീയതി. 29.3.21)

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ, മേൽ പ്രൊജക്ട് പ്രകാരം പി എച്ച് സിയിലേയ്ക്ക് മരുന്നു വാങ്ങുന്നതിനായി 250,000 രൂപ കെ എം എസ് സി എല്ലിന് മുൻകൂറായി നൽകിയിട്ടുണ്ട്. പ്രഫോർമ ഇൻവോയ്സ് (നം പി.ആർ .എഫ് 6678/26.3.21) പ്രകാരമുള്ള മരുന്നുകൾ ഒന്നും തന്നെ പി എച് സിയിലേക്ക് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.9 /5.10.21(20-21) മറുപടി ലഭ്യമാക്കിയിട്ടില്ല.മുഴുവൻ മരുന്നും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## <u>1-15 വിനിയോഗിയ്ക്കാത്ത തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടവാക്കിയില്ല</u>

നിർവ്വഹണം വി.ഇ.ഒ

പ്രൊജക്ടിന്റെപേര് : വീട് വാസയോഗ്യമാക്കൽ (സ്പിൽ.പ്രൊജക്ട് നം 161/20-21)

അടങ്കൽ :516583/-

ഫണ്ട് :SCപ്ലാൻ - 492823/-

തനത് - 23760/-
ചെലവ് -392000/-

ബിൽ.നം 9/20-21തീയതി.29.5.20, തുക 92000/-

മേൽ പ്രൊജക്ട് പ്രകാരം ചക്കി, കാളംചിറ,അച്ചനമ്പലം എന്ന ഗുണഭോക്താവിന് ഭവനപുനരുദ്ധാരണത്തിനായി 30,000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ വീട്ടുപണി നടക്കാതിരുന്നതിനാൽ ടി ഗുണഭോക്താവ് 4.2.21 തീയതിയിലെ 120320106242 നം രശീതി പ്രകാരം തുക പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട്. ടി- തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടവാക്കിയതിന്റെ വിവരം ആവശ്യപ്പട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 06/4.10.21 (2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല.തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 ഹരിത കർമ്മസേന പ്രവർത്തനം കാര്യക്ഷമമല്ല.

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യപ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് 15.07.2017 -ലെ സ.ഉ(എംഎസ്)നം.2420/2017/തസ്വഭവ പ്രകാരം രൂപീകരിച്ച സംവിധാനമാണ് ഹരിത കർമ്മസേന. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ വികസന മിഷനുകളുടേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും വിവിധ സ്വകാര്യ – സർക്കാർ ഏജൻസികളുടേയും സംയുക്താഭിമുഖ്യത്തിലും സഹായത്തോടെയുമാണ് ഹരിത കർമ്മ സേന പ്രവർത്തിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ 30.11.2019 ലാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. 2019-20, 20-21 വർഷങ്ങളിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ പറയും പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.

| വർഷം | വകയിരുത്തിയ തുക | |
|---|---|---|
| 2019-20 | പ്ലാൻ | 463500 |
| | തനത് | 380999 |
| | പ്ലാൻ | 363325 |
| | തനത് | 192028 |
| | | 1399852 |

ഹരിത കർമ്മസേന പ്രവർത്തനങ്ങൾ, ഹരിതസഹായ കൺസൾട്ടൻസി ഫീ നൽകൽ എന്നീ പദ്ധതികളാണ് ഈ പ്രോജക്ടിൻ കീഴിൽ നടപ്പിലാക്കിയിട്ടുള്ളത്. മേൽ പ്രൊജക്ടുകൾക്കു വേണ്ടി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് | ചെലവഴിച്ച തുക | ബിൽ നം/ചെക്ക് നം തീയതി |
|---|---|---|
| ഹരിത കർമ്മസേന പ്രവർത്തനങ്ങൾ (84/2019-20) | 17264 | 23/19-20.6.2.20 |
| ഹരിത സഹായ സ്ഥാപനത്തിനുള്ള കൺസൾട്ടൻസി ഫീ നൽകൽ 87/2019-20 | 23735 | 26/19-20.6.2.20 |
| ഹരിത കർമ്മസേന പ്രവർത്തനങ്ങൾ (223/2020-21) | 163325 | 7/29.5.20 |
| ഹരിത സഹായ സ്ഥാപനത്തിനുള്ള കൺസൾട്ടൻസി ഫീ നൽകൽ 294/2020-21 | 48994<br>24497 | 2332815/10.11.20<br>2332819/10.12.20 |
| ആകെ | 277815 | 0 |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1- കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18 -ലെ 10394-D-2017/KSHOനമ്പർ ഉത്തരവ് പ്രകാരമാണ് ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. കുടുബശ്രീ അംഗങ്ങളിൽ നിന്ന് രൂപീകരിക്കുന്ന ഹരിത കർമ്മസേനയെ കൺസോർഷ്യമായും മൈക്രോസംരംഭ ഗ്രൂപ്പുകളായും തരം തിരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപന പരിധിയിൽ ഹരിത സംരംഭങ്ങൾ രൂപീകരിക്കുന്ന ഒരു സംഘടനയാണ് ഹരിത കൺസോർഷ്യം. ഓരോ വാർഡുകളിലേയും വീടുകളുടേയും എണ്ണം അനുസരിച്ച് പരമാവധി 2 പേരെ നിയോഗിക്കേണ്ടതും ഇത്തരത്തിൽ 3 മുതൽ 5 വരെ വാർഡുകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതുമാണ്. ഓരോ സംരംഭക പ്രവർത്തന പരിധിയിലും 250 വീടുകളെങ്കിലും ഉണ്ടാകേണ്ടതുമാണ്. എന്നാൽ ഇത്തരം ഘടനാപരമായ സംവിധാനങ്ങളൊന്നുമില്ലാതെ 20 പേരെ അംഗങ്ങളാക്കിയാണ് ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുള്ളത്.

2- മാലിന്യ ശേഖരണത്തിനുള്ള പ്രധാന വരുമാനം ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന യൂസർഫീയാണ്. യൂസർഫീ ശേഖരിക്കുമ്പോൾ ഒരു കളക്ഷൻ ബുക്ക്, കളക്ഷൻ കാർഡ്, രസീത് ബുക്ക് എന്നിവ വേണം. കളക്ഷൻ ബുക്ക് ഹരിത കർമ്മസേനയും കളക്ഷൻ കാർഡ് വീടുകളിലും സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം കളക്ഷൻ കാർഡ് തയ്യാറാക്കി ഉപഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. എം.സി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

3-ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി 30.11.2019 മുതൽ 40248101069620 നമ്പരിൽ കേരള ഗ്രാമീണ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാസ് ബുക്ക പ്രകാരം 31.3.2021 ന് 23225 രൂപ നീക്കിയിരിപ്പുണ്ട്. ക്യാഷ് ബുക്ക്, റസീറ്റ് ബുക്കുകൾ യൂസർഫീ കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4- 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം മാലിന്യ ശേഖരണത്തിന് നിശ്ചിത വലുപ്പത്തിലുള്ള സഞ്ചി/ ചാക്ക് ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പ്രോജക്റ്റ് തയ്യാറാക്കി ചാക്ക് /സഞ്ചി വാങ്ങി നൽകാൻ ഭരണസമിതി നടപടി സ്വീകരിച്ചില്ല.

5- വീടുകൾക്ക് 60 രൂപയും വ്യാപാര സ്ഥാപനങ്ങൾക്ക് 100 രൂപയുമാണ് യൂസർഫീയായി നിശ്ചയിച്ചിട്ടുള്ളത്. ഇതിനായി പ്രത്യേകം രസീത് ബുക്കുകളും അച്ചടിച്ചിട്ടുണ്ട്. രസീത് ബുക്കുകളുടെ സ്റ്റോക്ക് സംബന്ധിച്ച വിവരം സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എത്ര രസീത് ബുക്കുകൾ ഉപയോഗിച്ചു എന്നത് വ്യക്തമല്ല.

6- ഹരിത കൺസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18 -ലെ 10394-D-2017/KSHOനമ്പർ ഉത്തരവിൽ വ്യക്തമാക്കിയതാണെങ്കിലും ഇപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നം. 07/4.10.21(2020-21) മറുപടിലഭ്യമാക്കിയിട്ടില്ല

## <u>1-17 എസ്.സി പെൺകുട്ടികളുടെ വിവാഹ ധനസഹായം -വൈകി ലഭിച്ച അപേക്ഷകളിൽ ജില്ലാ കലക്ടറുടെ അനുമതി ലഭ്യമായില്ല.</u>

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ 'എസ്.സി വിവാഹ ധനസഹായം നൽകൽ', പ്രോജക്ട് (പ്രൊജക്ട് നമ്പ്ര : 164/21) പ്രകാരം 75000 രൂപ ശ്രീ.ചാത്തപ്പൻ കാട്ടിയാടൻ (രാജൻ) എന്നയാൾക്ക് അനുവദിച്ചിട്ടുണ്ട്.( ബിൽ നം 20152052000700034126/11-4-2021) . ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

I) ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ തി:14-02-2018 നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം എസ്.സി വിവാഹ ധനസഹായത്തിന് അപേക്ഷിക്കുന്നവർ വിവാഹത്തിന് 15 ദിവസം മുമ്പോ, വിവാഹം കഴിഞ്ഞ് 3 മാസത്തിനുള്ളിലോ അപേക്ഷ നൽകേണ്ടതാണ്. 17-09-2018 -ലെ സ.ഉ(സാധാ)2438/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ 3 മാസം എന്നുള്ളത് 180 ദിവസമാക്കി ഉയർത്തിയെങ്കിലും പ്രസ്തുത കാല പരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് അനുമതി നൽകുവാൻ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കലക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജില്ലാ കലക്ടറുടെ അനുമതിയോടെ മാത്രം പരിഗണിക്കേണ്ട ശ്രീ.ചാത്തപ്പൻ കോട്ടിയാടൻ എന്നവരുടെ അപേക്ഷയിൽ അത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | വിവാഹ തിയ്യതി | അപേക്ഷാ തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | ചാത്തപ്പൻ കോട്ടിയാടൻ (മകൾ ശ്യാമ യുടെ വിവാഹത്തിന്) | 19/5/2019 | 3/2/20 Inward No.A2-1031/20 | |

(ഓഡിറ്റ് എൻക്വയറി നമ്പർ 3/20-21 തിയ്യതി 30-09-2021 ന് നൽകിയ മറുപടിയിൽ ജില്ലാ കലക്ടറിൽ നിന്ന് അനുമതി നേടി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.)

## <u>1-18 സർക്കാർ സ്കൂളിൽ സൗകര്യം ഉറപ്പ് വരുത്താതെ എയ്ഡഡ് സ്കൂളുകളിൽ ടോയ് ലറ്റ് നിർമ്മിച്ചു നൽകി.</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ എയ്ഡഡ് സ്കൂളുകൾക്ക് ചുവടെ കാണിച്ച പദ്ധതികൾ പ്രകാരം ടോയ്‌ലറ്റ് യൂണിറ്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ രൂപീകരണം ,നിർവ്വഹണം എന്നിവ സംബന്ധിച്ച് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതായി സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് എയ്ഡഡ് സ്കൂളുകളിൽ സൌകര്യമേർപ്പെടുത്തിയിട്ടുള്ളത്. എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരമുള്ള ടോയ്‌ലറ്റുകൾ നിലവിലില്ലെന്ന് ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിലും (2019-20, 20-21) വ്യക്തമാക്കിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം സർക്കാർ സ്കൂളുകളിലെ ടോയ് ലറ്റ് സൗകര്യം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ടോയ്ലറ്റ് നിലവിലുള്ളത് | | ഇനി വേണ്ടത് | | ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റ് | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ | നിലവിലുള്ളത് | ഇനി വേണ്ടത് |
| 1 | ജി.എൽ.പി.എസ്, നൊട്ടപ്പുറം | 1 | 1 | 1 | 1 | ഇല്ല | 1 |
| 2 | ജി.എൽ.പി.എസ്, ചേറൂർ | 1 | 1 | 1 | 1 | ഇല്ല | 2 |
| 3 | ജി.എം.യു.പി.എസ്, ചേറൂർ | 15 | 15 | - | - | ഇല്ല | 5 |
| 4 | ജി.എൽ.പി.എസ്, കിളിനക്കോട് | 2 | 2 | 4 | 4 | ഇല്ല | 2 |
| 5 | ജി.എൽ.പി.എസ്, എടക്കാപറമ്പ് | 1 | 2 | 1 | 2 | ഇല്ല | 2 |
| 6 | ജി.എൽ.പി.എസ്, കണ്ണമംഗലം | 1 | 1 | 1 | 1 | ഇല്ല | 2 |

സർക്കാർ സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്താതെയാണ് എയ്ഡഡ് സ്കൂളുകൾക്ക് ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ നിർമ്മിച്ച് നൽകിയതെന്ന് സ്റ്റാറ്റസ് റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു.

2.എയ്ഡഡ് സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മിച്ച് നൽകണമെന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

പ്രൊജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് വിശദാംശങ്ങൾ | ബിൽ നമ്പർ, തുക |
|---|---|---|
| 1 | എടക്കാപറമ്പ് എ.യു.പി.സ്കൂളിൽ ഗേൾസ് ഫ്രണ്ട് ലി ടോയ്ലറ്റ് പൂർത്തീകരണം (264/20, 275/21-സ്പിൽഓവർ)<br>സാങ്കേതികാനുമതി- 46640<br>കരാറുകാരൻ- ശ്രീ. നൗഷാദലി.കെ<br>കരാർ 42/2210-2020<br>ചെലവ് തുക- 46546 രൂപ | 87/25.2.2021<br>,<br>46546 |
| 2 | എടക്കാപറമ്പ് എ.യു.പി.സ്കൂളിൽ ഗേൾസ് ടോയ്ലറ്റ് നിർമ്മാണം (20/20 , 165/21 (സ്പിൽ ഓവർ) )<br>സാങ്കേതികാനുമതി- 400000<br>കരാറുകാരൻ- ശ്രീ. നൗഷാദലി. കെ, (11.66% നിരക്കിൽ) | 18/11.4.2020,<br>303360രൂപ<br>95/29.3.21<br>16136 രൂപ, |

| | | |
|---|---|---|
| | കരാർ -57/17.1.20<br>ചെലവ് തുക- 319496രൂപ | |

മേൽ പ്രൊജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. എടക്കാപറമ്പ് സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് 3 പ്രൊജക്ടുകൾ തയ്യാറാക്കി. (185/20, 275/21, 165/21) ടോയ്‌ലറ്റ് ഉപയോഗിക്കുന്നതിന് ആവശ്യമായ എല്ലാ ഇനം പ്രവൃത്തികളും ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ട് തയ്യാറാക്കുന്നതിന് പകരം പ്രവൃത്തികൾ വിഭജിച്ച് വ്യത്യസ്ത പ്രൊജക്ടുകളായാണ് മേൽ പ്രവൃത്തി നടത്തിയിട്ടുള്ളത്. ഇത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ നടപടിയാണ്.

2. ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച് നൽകിയതാണെന്ന് കാണിക്കുന്ന ബോർഡ് മേൽ സ്കൂളിൽ സ്ഥാപിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 4/19-20/4-10-2021 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മാനേജ്മെന്റ് കമ്മിറ്റിക്ക് സമ്മതമുണ്ടെന്ന് അറിയിച്ചിട്ടുള്ള തിയതി രേഖപ്പെടുത്താത്ത കത്ത് ഹാജരാക്കി.

മേൽ അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം നൽകേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. പദ്ധതിപ്പണം സർക്കാർ നിർദ്ദേശത്തിന് വിധേയമായി വിനിയോഗിക്കുന്നതിന് അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന നിക്ഷേപ പദ്ധതികളുടെ പൂർത്തീകരണ വിവരമോ വിനിയോഗ സാക്ഷ്യപത്രമോ ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ലഭ്യമല്ല.

| ക്രമ നം. | പ്രോജക്റ്റ് നം | പേര് | TRNനം./തിയ്യതി | ചെലവ് തുക | ഡെപ്പോസിറ്റ് സ്വീകരിച്ച സ്ഥാപനം |
|---|---|---|---|---|---|
| 1 | 292/21 | കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് കുടിവെള്ള പദ്ധതി | 2015200000000005226 തി.16-2-2021 | 1,40,00000 (നഗര സഞ്ചയം) | KWA |
| 2 | 29/21 | വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2015200000000005227 തി.16-2-2021 | 42,00000 (ധനകാര്യ കമ്മീഷൻ അവാർഡ്) | KWA |

ഓഡിറ്റ് എൻക്വയറി നമ്പർ 02/20-21 തിയ്യതി 29-09-2021 ന നൽകിയ മറുപടിയ്ക്ക് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയരുടെ പുനർ ദർഘാസ് ക്ഷണിച്ചിട്ടുള്ളതായും കരാറുകാരൻ പ്രവർത്തി ഏറ്റെടുത്തിട്ടുള്ളതായും പ്രവർത്തി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും കാണിച്ചുകൊണ്ടുള്ള മറുപടി ഹാജരാക്കി. തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക 18200000 തടസത്തിൽ വെക്കുന്നു .

## 1-20 ഗ്രാമ പഞ്ചായത്ത് ഓഫീസിനും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കും പരിമിതമായ അടിസ്ഥാന സൗകര്യം

ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ യഥാസമയം നിർവ്വഹിക്കുന്നതിനും പൊതു ഭരണം പരമാവധി കാര്യക്ഷമമാക്കുന്നതിനും സേവനങ്ങളും സൗകര്യങ്ങളും പൊതുജനത്തിനും ഉദ്യോഗസ്ഥർക്കും പൂർണ്ണമായും ലഭ്യമാകുന്ന തരത്തിൽ അടിസ്ഥാന/ ഭൗതിക സൗകര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്ത് നിലവിൽ വന്നിട്ട് 20 വർഷം പിന്നിട്ടിട്ടും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ഐ. എസ്. ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് ആവശ്യമായ മിനിമം സൗകര്യങ്ങളൊരുക്കലാണ് സമീപ കാലയളവിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളായി നടന്നതെന്ന് വ്യക്തം. ഗ്രാമ പഞ്ചായത്ത് കാര്യാലയം സ്ഥിതി ചെയ്യുന്ന ഇരുനില കെട്ടിടത്തിൽ ഒന്നാം നിലയിലാണ് ഗ്രാമ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്നത്. കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ കൃഷി ഓഫീസ്, മൃഗാശുപത്രി എന്നിവയും അസി. എഞ്ചിനീയർ, വി.ഇ.ഒ, എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ ഓഫീസ്, കുടുംബശ്രീ ഓഫീസ്, തൊഴിലുറപ്പ് പദ്ധതി ഓഫീസ് എന്നിവയും പ്രവർത്തിക്കുന്നു. കൂടാതെ ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസും കൃഷിഭവനോട് ചേർന്ന് പ്രവൃത്തിക്കുന്നുണ്ട്. വളരെ പരിമിതമായ സ്ഥല സൗകര്യത്തിലാണ് ഇത്രയും ഓഫീസുകൾ പ്രവർത്തിക്കുന്നത്. മൃഗാശുപത്രി, തൊഴിലുറപ്പ് പദ്ധതി

എന്നിവയുടെ ഓഫീസുകളുടെ അവസ്ഥ സ്ഥല പരിമിതി മൂലം വീർപ്പ് മുട്ടുന്ന അവസ്ഥയിലാണ്. അകലം പാലിച്ച് ഇരിക്കാൻ പോലും ടി- ഓഫീസുകളിൽ സ്ഥല സൗകര്യമില്ല. കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഗ്രാമ പഞ്ചായത്ത് ഓഫീസിന് പുറമേ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മറ്റ് ഭരണ സമിതി അംഗങ്ങൾക്കുള്ള ഇരിപ്പിടവും ഏർപ്പെടുത്തിയിട്ടുണ്ട്. ദൈനംദിന കാര്യങ്ങൾക്കായി പൊതുജനം നേരിട്ട് ബന്ധപ്പെടുന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്ക് അലോട്ട് ചെയ്ത ഇരിപ്പിടങ്ങൾ മതിയായ സ്ഥല സൗകര്യം ഇല്ലാത്തതും പൊതു ജനത്തിന് വേഗം എത്തിപ്പെടാൻ കഴിയാത്ത സ്ഥലത്തുമാണ്. പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾക്കും പരിമിതമായ സൗകര്യമാണുള്ളത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തിന് കൈമാറിയ ഉദ്യോഗസ്ഥർ, എൽ സി ജി ഡി എഞ്ചിനീയറിംഗ് വിഭാഗം, ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാർ, കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായുള്ള ജീവനക്കാർ എന്നിവർക്ക് ആവശ്യമായ മിനിമം സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള സ്ഥല സൗകര്യം പോലും നിലവിലെ കെട്ടിടത്തിലില്ല.

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ തൊട്ടടുത്തുള്ള സ്ഥലം ലഭ്യമാക്കി കെട്ടിടം വിപുലീകരിക്കുകയോ നിലവിലുള്ള കെട്ടിടത്തിന് മുകളിൽ ഒരു നില കൂടി നിർമ്മിക്കുകയോ ചെയ്യണമെന്ന നിർദ്ദേശമാണ് 2020-21 ലെ വാർഷിക പദ്ധതിയുടെ അടിസ്ഥാനമായി അംഗീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ഒരു രേഖ എന്നതിലുപരിയായി സ്റ്റാറ്റസ് റിപ്പോർട്ടിന് യാതൊരു പരിഗണനയും പദ്ധതി രൂപീകരണ ഘട്ടത്തിൽ നൽകുന്നില്ല. നിലവിൽ പഞ്ചായത്ത് അനുഭവിക്കുന്ന ഗുരുതരമായൊരു പ്രശ്നപരിഹാരത്തിനായി കൂടുതൽ ഭൗതിക/ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ക്രിയാത്മകമായതും ഇച്ഛാശക്തിയോടെയുള്ള തുടർപ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല. 2020-21 വാർഷിക പദ്ധതിയിലും പഞ്ചായത്ത് ഓഫീസ് അവശ്യ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് തുടർപ്രവർത്തനം ഏറ്റെടുക്കാനായിട്ടില്ലായെന്ന സാഹചര്യം ഭരണ സമിതി ഗൗരവമായ പരിശോധനക്ക് വിധേയമാക്കി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

( ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 10/20-21/6.10.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-21 ബയോബിൻ പദ്ധതി - അപാകതകൾ

പദ്ധതി:വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ബയോബിൻ

പ്രോജക്റ്റ് നം.290/21

തുക :116600

ധനകാര്യ കമ്മീഷൻ അവാർഡ് -34980

TRNനം./തിയ്യതി 20152000000006289

തി.31-3-2021

കേന്ദ്രാവിഷ്കൃത ഫണ്ട്: 81620

ചെക്ക് നം. 2332847 . തി 29-3-2021

സെക്രട്ടറി നിർവഹണം നടത്തിയ മേൽ പദ്ധതി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ,മലപ്പുറം എന്ന സ്ഥാപനം മുഖേന 2200 രൂപ വിലയുള്ള 53 ബയോബിൻ യൂണിറ്റുകൾ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്ത് ജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഒറ്റത്തവണ 35 കി.ഗ്രാം ജൈവ മാലിന്യം സംസ്കരിക്കാവുന്ന 3 ഘടകങ്ങൾ(Bottom Tray To Collect The Leachate,Main Bin To Deposit Waste,And Its Top Cover) അടങ്ങിയ യൂണിറ്റ് ആണ് ഓരോ ബിന്നുകളും. ഉപയോഗിക്കാൻ മാർഗ നിർദേശങ്ങൾ ലഭ്യമാകാത്ത പക്ഷം പാഴായി പോകാൻ ഇടയുള്ളവയാണിവ. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ ജില്ലാ കോ-ഓഡിനേറ്ററുമായി 22.2.2021 ന ചമച്ച കരാറിലെ ക്രമ നമ്പർ 5 പ്രകാരം മൂന്ന മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാമെന്നും ക്രമ നമ്പർ 8 പ്രകാരം ബയോബിൻ യൂണിറ്റുകളുടെ ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ് സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ സംഘടിപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ ഇത്തരത്തിൽ പരിശീലനം നൽകിയതിന്റെ വിവരങ്ങളോ പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചോ എന്ന പരിശോധിക്കാൻ യുക്തമായ മോണിറ്ററിംഗ്/പൂർത്തീകരണ സാക്ഷ്യപത്രമോ ബന്ധപ്പെട്ട മറ്റു വിശദാംശങ്ങളോ ഓഡിറ്റിനു ഹാജരാക്കിയ ഫയലിൽ ലഭ്യമല്ല.

കൂടാതെ ബയോ ബിന്നുകൾ വാങ്ങിയത് സ്റ്റോക്കിൽ എടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ ആരൊക്കെ കൈപ്പറ്റി എന്നത് സംബന്ധി വിവരങ്ങളോ ലഭ്യമായിട്ടില്ല.ബിന്നുകൾ വിതരണം ചെയ്യാനും പരിശീലനക്ലാസ് നടത്താനും അടിയന്തിര നടപടി ആവശ്യപ്പെട്ടുള്ള സെക്രട്ടറിയുടെ 20.3.2021 ലെ എ3-5839(1)20 നം. കത്തിന്മേലും തുടർ നടപടി ഉണ്ടായിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 2/20-21 തിയ്യതി 1-10-2021 നൽകിയതിനെ തുടർന്ന് വിവിധ സ്ഥാപനങ്ങളിലേക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കി. കൂടാതെ കോവിഡ് 19 മഹാമാരി നിയന്ത്രണങ്ങൾക്ക് ശേഷം സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്ന മുറക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കാനും പദ്ധതി പണം പാഴാവാതെ ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനും നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയിൽ വ്യക്തമാക്കി. തുടർ നടപടി സ്വീകരിയ്ക്കേണ്ടതും പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ജല ലഭ്യത ഉറപ്പ് വരുത്താതെ ടോയ് ലറ്റ് നിർമ്മിച്ചു.

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ചെറേക്കാട് സ്ഥിതി ചെയ്യുന്ന ഭിന്നതല പഠന കേന്ദ്രത്തിൽ (ഏകാധ്യാപക വിദ്യാലയം) അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ടോയ് ലറ്റ് സ്ഥാപിച്ചിട്ടുണ്ട്.

പ്രൊജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ടിന്റെ പേര്- ചെറേക്കാട് ഏകാധ്യാപക വിദ്യാലയത്തിൽ ഗേൾസ് ടോയ് ലറ്റ് നിർമ്മാണം .

പ്രൊജക്ട് നമ്പർ- 166/21

സാങ്കേതികാനുമതി- 300000

ഫണ്ടിനം- സി.എഫ്.സി ഗ്രാന്റ്

കരാറുകാരൻ - മുഹമ്മദ് സഫീർ. സി.കെ.

എഗ്രിമെന്റ്- 2/11-8-2019

ചെലവ് തുക- 2,99,497

ബിൽ നമ്പർ- 12/11-4-2020, 299497 രൂപ

മേൽ പ്രൊജക്ടിന് വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ടോയ് ലറ്റ് നിർമ്മിക്കുന്നതിനും അനുബന്ധ പ്ലംബിംഗ് പ്രവൃത്തികളും അതിർത്തി സംരക്ഷണവുമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ജലസ്രോതസ്സ് ലഭ്യമല്ലാത്തതിനാൽ പ്ലമ്പിംഗ് വർക്കുകൾ ഒഴിവാക്കുകയും അതിന് പകരം ക്ലാസ് റൂമിന്റെയും കിച്ചന്റെയും ഫ്ലോർ ടൈൽ പതിക്കുന്നതിനും തീരുമാനിച്ചു. പ്രസ്തുത സ്ഥലത്തിന്റെ തെക്ക് ഭാഗത്ത് അതിർത്തി കൃത്യമായി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ മറ്റ് മൂന്ന് വശത്തും നിലവിലുള്ള ബേസ്മെന്റിന്റെ മുകളിൽ മതിൽ കെട്ടി സംരക്ഷിക്കുന്നതിനും ക്ലാസ് റൂമിന്റെ നിലവിലെ വാതിൽ ദ്രവിച്ച് പോയതിനാൽ പുതിയ സ്റ്റീൽ ഡോർ ആക്കി മാറ്റുന്നതിനും തീരുമാനിക്കുകയും അപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള ടോയ് ലറ്റ് പ്രവൃത്തികളും ചുറ്റുമതിലും പൂർത്തീകരിച്ചിട്ടുണ്ട്.വസ്തുവിന്റെ തെക്ക് ഭാഗത്ത് അതിർത്തി തർക്കമുള്ളതിനാൽ മതിൽ കെട്ടാനായില്ല.

ജല ദൗർലഭ്യം ഉള്ളതിനാൽ പുതുതായി പണിത ടോയ്ലറ്റ് നാളിതു വരെ ഉപയോഗപ്രദമാക്കാൻ സാധിച്ചിട്ടില്ല. ജല ലഭ്യത ഉറപ്പ് വരുത്താതെയാണ് ടോയ് ലറ്റ് യൂണിറ്റുകൾ നിർമ്മിച്ചത് എന്നതിനാലാണ് ഈ വീഴ്ച സംഭവിച്ചത്. പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ആവശ്യകത, അനുയോജ്യത എന്നിവ ഉറപ്പ് വരുത്തുകയും വ്യക്തമായ സാധ്യത പഠനം നടത്തുകയും ചെയ്തിരുന്നുവെങ്കിൽ ഭാഗികമായ ചുറ്റുമതിൽ കെട്ടുന്നതിന് പകരം കുഴൽ കിണർ കുഴിച്ച് ജല ലഭ്യത ഉറപ്പ് വരുത്തുകയും അതുവഴി സാനിറ്റേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി ടോയ്ലറ്റ് ഉപയോഗപ്രദമാക്കുകയും ചെയ്യാമായിരുന്നു.

ജല ലഭ്യത ഉറപ് വരുത്താതെ ടോയ് ലറ്റ് നിർമ്മിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള ( നമ്പർ- 12/20-21/07-10-2021) മറുപടിയിൽ പൊതു പൈപ്പ് ലൈൻ കണക്ഷൻ ഉടനെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ആ സമയത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി പ്ലമ്പിംഗ് പ്രവൃത്തി ചെയ്യുമെന്നും അറിയിച്ചിട്ടുണ്ട്. ജല ലഭ്യത ഉറപ് വരുത്തി ടോയ് ലറ്റ് പ്രവർത്ത്നക്ഷമമാക്കി വിവരം അറിയിക്കേണ്ടതും വസ്തുവിന്റെ അതിർത്തി കൃത്യമായി നിർണ്ണയിച്ച് ചുറ്റുമതിൽ പൂർത്തിയാക്കി ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തു കയ്യേറ്റം തടയുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-23 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ

2020-21 വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽഓവർ ഉൾപ്പെടെ ആകെ 145 പദ്ധതികൾ തയ്യാറാക്കി. 104 പ്രൊജക്ടുകൾ നടപ്പിലാക്കി.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 145 | ആകെ അടങ്കൽ | 34768771 |
| നടപ്പിലാക്കിയത് | 104 | ചെലവ് | 22219029 |
| ശതമാനം | 72 | ചെലവ് ശതമാനം | 64 |

മരാമത്ത് നിർവ്വഹണത്തിൽ കണ്ടെത്തിയ പൊതു അപാകതകൾ ചുവടെ കൊടുക്കുന്നു..

1. റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ലാനും റോഡ് കണക്ടിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതൽ സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗ രേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത് എന്നിരിക്കെ സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിട്ടും ഗ്രാമ പഞ്ചായത്ത് റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല.

റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കുന്നതിന് വികസന സ്റ്റാൻറിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

2. ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേല്പത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ഇപ്രകാരം കണ്ണമംഗലം ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചാത്തിന് തിരികെ ലഭ്യമായിട്ടില്ല.

ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് അതാത് സ്റ്റാൻറിംഗ് കമ്മിറ്റികൾ നേതൃത്വപരമായ ഇടപെടൽ നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുമാണ്.

4. നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കൽ- കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ഓഡിറ്റ് വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും 2,22,190 രൂപ കുറവ് ചെയ്ത് നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതമിനത്തിൽ അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കിയിട്ടില്ല.

മേലിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് ക്ഷേമനിധി വിഹിതം അടവാക്കേണ്ടതാണ്.

5. ഭാഗികമായ പ്രവൃത്തികൾ ഉൾപ്പെടുത്തി പ്രൊജക്ടുകൾ തയ്യാറാക്കുന്നു.

കെട്ടിട നിർമ്മാണ പ്രൊജക്ടുകളിലും കുടിവെള്ള പ്രൊജക്ടുകളിലും എസ്റ്റിമേറ്റുകളിൽ ആവശ്യമായ എല്ലാ ഇനം പ്രവൃത്തികളും ഉൾപ്പെടുത്താതെ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഭാഗികമായ പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തി

പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നു. ഇത് മൂലം പ്രൊജക്ടുകൾ പൂർത്തീകരിക്കാൻ വർഷങ്ങളെടുക്കുന്നു. ഇപ്രകാരം പ്രൊജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി മാർഗ്ഗരേഖാ ലംഘനമാണ്. ഫണ്ടിന്റെ പരിമിതിയുണ്ടെങ്കിൽ ബഹു വർഷ പ്രൊജക്ടായി നടപ്പാക്കുകയാണ് വേണ്ടത്.

6. കുടിവെള്ള പദ്ധതികളുടെ ആസ്തികൾ സ്വകാര്യ ഭൂമിയിൽ നിന്നും വേർതിരിച്ച് സംരക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്ത് ആവിഷ്ക്കരിച്ച് നടപ്പാക്കിയ വിവിധ കുടിവെള്ള പദ്ധതികളുടെ ആസ്തികൾ (കിണർ, ടാങ്ക്, പമ്പ് ഹൗസ് മുതലായവ) സ്ഥിതി ചെയ്യുന്നത് സ്വകാര്യ വ്യക്തികൾ വിട്ട് കൊടുത്തിട്ടുള്ള സ്ഥലത്താണ്. സ്വകാര്യ ഭൂമിക്കകത്ത് അര സെന്റോ ഒരു സെന്റോ വിസ്തൃതിയുള്ള സ്ഥലത്താണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. മേൽ ആസ്തികൾ സ്വകാര്യ ഭൂമിയിൽ നിന്നും അതിർ തിരിച്ച് വേർതിരിച്ച് പ്രത്യേകം സംരക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് വ്യക്തമാക്കുന്ന രീതിയിൽ നെയിം ബോർഡ് വെയ്ക്കുകയും ചെയ്തിട്ടില്ല.

മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 അസി. എഞ്ചിനീയർ ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ തുക നിക്ഷേപിക്കുന്നതിനും പിന്നീട് കരാറുകാർക്ക് നൽകുന്നതിനും വേണ്ടി ട്രഷറിയിൽ ഒരു ടി.എസ്.ബി. അക്കൗണ്ടും (അക്കൗണ്ട് നമ്പർ- 799011400002020) ഓഫീസ് കണ്ടിജന്റ് ചെലവുകൾ കൈകാര്യം ചെയ്യുന്നതിന് കേരള ഗ്രാമീണ ബാങ്ക്, അച്ചനമ്പലം ശാഖയിൽ ഒരു ബാങ്ക് അക്കൗണ്ടും ( അക്കൗണ്ട് നമ്പർ- 40248101080094) അസി.എഞ്ചിനീയറുടെ പേരിൽ നിലവിൽ സൂക്ഷിച്ച് വരുന്നുണ്ട്. 07.9.2021 ന് ബാങ്ക് അക്കൗണ്ടിൽ 2057 രൂപയും 9.9.21.ന് ട്രഷറി അക്കൗണ്ടിൽ 107673 രൂപയും നീക്കിയിരിപ്പ് ഉണ്ട്. നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ജി.ഒ.(പി)177/2006/Fin Dt.12.4.2006 (ബിൽ സിസ്റ്റം) പ്രകാരം നിർവഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങാൻ സർക്കാർ നിർദേശം ഇല്ലാത്തതാണ്. E-Tender ആവശ്യത്തിന് വേണ്ടി SBI യിൽ അക്കൗണ്ട് തുടങ്ങാൻ വേണ്ടി ഈ ഉത്തരവിന് ഇളവ് അനുവദിച്ചതല്ലാതെ മറ്റ് ഇളവുകൾ അനുവദിച്ചിട്ടില്ല. സർക്കാർ നിർദ്ദേശമില്ലാതെ ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനും ട്രഷറി ടി.എസ്.ബി.അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ബോധ്യപ്പെടുത്തുന്നതിനും ഓഡിറ്റ് എൻക്വയറി നമ്പർ-11/2020-21/7-10-2021 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രഷറി ടി.എസ്.ബി.അക്കൗണ്ടിലെ നീക്കിയിരിപ്പ് വിശദാംശങ്ങളും ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതിന്റെ വിവരവും അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-2021 | 4.10.2021 മുതൽ 5.10.2021 വരെ | ഈറിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ നം,പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 225000 | പ്രൊ.നം.116 നെൽ കൃഷിക്ക് കൂലിചെലവ് | 225000 | 0 |
| | 41680 | പ്രൊ.നം.24പരിരക്ഷ | 41680 | 0 |
| | 300000 | പ്രൊ.നം.163,53,63 അങ്കണവാടി പോഷകാഹാരം | 300000 | 0 |
| | 100000 | പ്രൊ.നം.162 പാലിന് സബ്സിഡി | 100000 | 0 |
| | 485770 | പ്രൊ.നം.263 ഐപിപി സെന്റർ റിപ്പയർ | 485770 | 0 |
| | 366508 | പ്രൊ.നം.235 റാമ്പ് നിർമാണം | 366508 | 0 |
| | 500000 | പ്രൊ.നം.83 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| | 337238 | പ്രൊ.നം.83 സ്റ്റഡി റൂം (എസ്.സി) | 337238 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | പ്രൊ.നം.83 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 800000 | പ്രൊ.നം.210 ലൈഫ് മിഷൻ ഭവന പദ്ധതിഭൂമി വാങ്ങൽ | 1800000 | 0 |
| | 249394 | പ്രൊ.നം.226 പരിരക്ഷ | 249394 | 0 |
| | 100000 | പ്രൊ.നം.116 പാലിന് സബ്സിഡി | 100000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ്, മലപ്പുറം | പ്രൊജക്റ്റ് 246 പി.എച്ച്.സി കുഴൽകിണർ മോട്ടോർ സ്ഥാപിക്കൽ | 22000787 തീയ്യതി 25/02/2021 | 100000 | 0 | 100000 |
| കേരള വാട്ടർ അതോരിറ്റി | 29/21 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 20152052000 101081783 തീയ്യതി 12/02/201 | 4200000 | 0 | 4200000 |
| കേരള വാട്ടർ അതോരിറ്റി | 292/21 നഗര സഞ്ചയം കടിവെള്ള പദ്ധതി-മലപ്പുറം മുനിസിപ്പലിറ്റി മുഖേന നടപ്പിലാക്കുന്നത് | 20152052000 101075319 തീയ്യതി 16/02/2021 | 1,40,00000 | 0 | 1,40,00000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി (കെ.യു.ആർ.എഫ്.ഡി.സി.) | ലഭ്യമല്ല | 1340992 | 1046874 | 468548 | 0 | 578326 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

## ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-1 | 2007-08 | --- | ഡെപ്പോസിറ്റ് വർക്ക് ബാക്കി തുക തിരികെ ലഭിച്ചില്ല | നടപടി തുടരുന്നു |
| 2011-12, 2012-13 | 3-1 | 2015-16 | --- | അക്കൗണ്ടിംഗ് സമ്പ്രദായം | നടപടി തുടരുന്നു |
| 2014-15 | --- | 2016-17 | 2(1),<br>2(2) | തൊഴിൽ നികുതി അപാകങ്ങൾ<br>വസ്തുനികുതി ഈടാക്കിയതിൽ 10698/- രൂപയുടെ കുറവ്. | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 135604240.95 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 118858807 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 18224356 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 24356 | ശ്രീമതി.ജിഷ നഹർ മുസ്തഫ, മെഡിക്കൽ ഓഫീസർ |
| 1-19 | 18200000 | ശ്രീമതി. ജയലത. വി, സെക്രട്ടറി |
| ആകെ | 18224356 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 200 2-03 | കെ.എസ്.എ.എം.പി.എം.14/1036/18<br>തിയ്യതി 14.06.2018 | 2 |
| 2003-04 | കെ.എസ്.എ.എം.പി.എം.14/1036/18<br>തിയ്യതി 14.06.2018 | 7 |
| 2004-05 | കെ.എസ്.എ.എം.പി.എം.14/1036/18<br>തിയ്യതി 14.06.2018 | 1 |
| 2005-06 | എൽ എഫ് എം 14/2562/2011<br>തിയ്യതി 24.02.2010 | 12 |
| 2006-07 | എൽ എഫ് എം 14/668/10<br>തിയ്യതി 23.05.2011 | 25 |
| 2007-08 | എൽ എഫ് എം 14/1021/2011<br>തിയ്യതി 19.11.2011 | 12 |
| 2008-09to2010-11 | എൽ എഫ് എം 14/195/2013<br>തിയ്യതി 01.06.2013 | 27 |
| 2011-12, 2012-13 | കെ എസ് എ എം പി എം 14/3096/15<br>തിയ്യതി 04.07.2018 | 19 |

| | | |
|---|---|---|
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.14/2140/16 തിയ്യതി 03.06.2017 | 6 |
| 2015-16 | കെ.എസ്.എ.എം.പിഎം.14/3000/16 തീയതി 06.02.2018 | 3 |
| 2016-17 | കെ.എസ്.എ.എം.പിഎം.14/1785/17 തീയതി 22.06.2018 | 14 |
| 2017-18 | കെ.എസ്.എ.എം.പിഎം.14/222/19 തീയതി 01.06.2019 | 19 |
| 2019-20 | കെ.എസ്.എ.എം.പിഎം.14/2557/19 തീയതി 14.11.2019 | 16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം

എം.എ.10/2021

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്